14

# ക്രിസ്ത്യാനികൾക്ക് വിയോജിപ്പ് ഉണ്ടാകുമ്പോൾ

## (4:1- 3)

ക്രിസ്ത്യാനികൾ–നല്ല ക്രിസ്ത്യാനികൾ പോലും–എല്ലായ്പോഴും ഒത്തു പോകുകയില്ല. വെളിച്ചം ഉള്ള സ്ഥലത്ത് ഈയലുകളും, പാറ്റകളും വരും. മനുഷ്യർ എവിടെയുണ്ടോ അവിടെ തെറ്റിദ്ധാരണകളും അഭിപ്രായ ഭിന്നത കളും ഉണ്ടാകും–അത് വിശ്വസ്തരായ ക്രിസ്ത്യാനികളിലും ഉണ്ടാകും (പ്രവൃ. 15:36–40). "ക്രിസ്ത്യാനികൾ വിയോജിക്കുമ്പോൾ എന്തു ചെയ്യേണ്ട" എന്നല്ല ചോദിക്കേണ്ടത് പിന്നെയോ "ക്രിസ്ത്യാനികൾ വിയോജിക്കുമ്പോൾ എന്താണ് ചെയ്യേണ്ടത്?" എന്നാണ്.

ഒത്തുപോകുവാൻ കഴിയാതിരുന്ന ഫിലിപ്പിയ സഭയിലെ രണ്ട് സഹോ ദരിമാരെ ചുറ്റിപ്പറ്റിയുള്ളതാണ് ഈ ഭാഗം (ഫിലി. 4:2). മുൻപ്, ഫിലിപ്പിയ യിലെ ക്രിസ്ത്യാനികൾ യോജിച്ചിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ പൗലൊസ് എടുത്തു കാണിച്ചിരുന്നു (1:27; 2:2). പൊതുവായ ആ പ്രബോധനങ്ങൾ ഈ പ്ര ത്യേകമായ അനൈക്യത്തിലെക്ക് നയിച്ചു എന്നാണ് ചിലർ കരുതുന്നത്. അത് അങ്ങനെ ആയിരുന്നാലും ഇല്ലെങ്കിലും, അദ്ധ്യായം 4 ലെ ആദ്യ മൂന്നുവാക്യ ങ്ങൾ ക്രിസ്ത്യാനികൾ സഹ സഹോദരങ്ങളുമായി യോജിച്ച് ജീവിക്കേണ്ട തിന്റെ പ്രാധാന്യത്തെയാണ് എടുത്തു കാണിക്കുന്നത് സഹോദരങ്ങൾ തമ്മിൽ അപ്രീതി ജനിപ്പിക്കുമ്പോൾ എന്തു ചെയ്യണമെന്ന് നമ്മെ പഠിപ്പിക്കുന്നതാണ് പൗലൊസ് കൈകാര്യം ചെയ്ത സംഭവം.

### ആത്മാർത്ഥതയുള്ള പ്രശംസ (4:1)

**1അതുകൊണ്ട് എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനി ൽപിൻ, പ്രിയമുള്ളവരേ.**

**വാക്യം 1.** ഭൂമിയിൽ–അടിസ്ഥാനമിട്ടു, എന്നാൽ സ്വർഗത്തിൽ–കെട്ടപ്പെടു ന്നതിനെ കുറിച്ച് ചർച്ച ചെയ്തപ്പോൾ ഈ വാക്യത്തെ കുറിച്ച് ചുരുങ്ങിയ രീതിയിൽ നാം മനസിലാക്കി. ഇനി നമുക്ക് ഇപ്പോൾ ചർച്ച ചെയ്യുന്നതിനെ കുറിച്ചുള്ള മുഖവുര നോക്കാം. ഇവിടെ പൗലൊസ് ഒരു ക്രിയാത്മക അന്തരീ ക്ഷമാണ് ഒരുക്കുന്നത്. ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികളെ–കുഴപ്പത്തിലായി രണ്ട് സ്ത്രീകളടക്കം–എല്ലാ ക്രിസ്ത്യാനികളെയും–അവന്റെ സ്നേഹത്തെയും അറിയിക്കുന്നു. അവൻ അവരോട് കൽപിക്കുന്നതിനുമുൻപ് അവൻ അവരെ പ്രശംസിക്കുകയായിരുന്നു.[1] ഇത്രയും ഊഷ്മളതയും സ്നേഹവും മറ്റൊരു ബൈബിൾ വാക്യത്തിലും കാണുകയില്ല.

സഹോദരന്മാരേ–അവർ പൗലൊസിന്റെ സഹോദരീസഹോദരന്മാരാ യിരുന്നു. അവർക്കെല്ലാവർക്കും ഒരേ പിതാവും ഒരേ കുടുംബവു മായിരുന്നു ഉണ്ടായിരുന്നത്.

പ്രിയരേ–അവർ പൗലൊസിന്റെ പ്രിയ സഹോദരന്മാരും സഹോദരി മാരും ആയിരുന്നു. "പ്രിയമുള്ളവർ" എന്ന വാക്ക് തർജിമ ചെയ്തി രിക്കുന്നത് (*അഗാപെറ്റോസ്*) ആണ്, അത് പ്രത്യേക വാക്ക് "സ്നേ ഹം" (*അഗാപെ*) യിൽനിന്നു വന്നതാണ്. തന്റെ പുത്രനെ പറയു ന്നതിന് ദൈവം ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 3:17). ആ സഹോദരന്മാരെ താൻ എത്രമാത്രം സ്നേഹിക്കുന്നു എന്നു ഊന്നി പറയുവാൻ പൗലൊസ് ആ വാക്ക് രണ്ട് പ്രാവശ്യം ഉപ യോഗിച്ചിരിക്കുന്നു.

എന്റെ വാഞ്ഛിതരും–താൻ കാണുവാൻ ആഗ്രഹിച്ച പ്രിയ സഹോദരീ സഹോദരന്മാരായിരുന്നു അവർ. ആ പ്രയോഗത്തിന്റെ വാക്ക് *എപി പോതെറ്റോസ്* ആണ്, എപ്പഫ്രൊദിത്തോസ് വീട്ടിലേക്ക് തിരിച്ചുപോ കുവാൻ വാഞ്ഛിച്ചതിന് ആ വാക്ക് ഉപയോഗിച്ചിരുന്നു (2:26). പൗലൊസിന് തന്റെ ഫിലിപ്പിയയിലെ സഹോദരന്മാരെ കാണുവാൻ "ഗൃഹാതുരത്വം" അനുഭവപ്പെട്ടിരുന്നു.

എന്റെ സന്തോഷവും കിരീടവുമായുള്ളോരേ–അവർ അവനെ കാണു വാൻ വാഞ്ഛിതരും, പ്രിയ സഹോദരീസഹോദരന്മാരും, തന്റെ മുഖത്ത് പുഞ്ചിരി വിടർത്തുന്നവരും, ഹൃദയത്തിനു അഭിമാനവും ആയി രുന്നു: അവർ അവന്റെ "സന്തോഷം" ആയിരുന്നു. അവരെ കുറിച്ച് ഓർക്കുമ്പോൾ തന്നെ അവനു സന്തോഷമുണ്ടാകുന്നു (1:3, 4 നോക്കുക). അവർ അവന്റെ "കിരീടവും" ആയിരുന്നു. അവർ തന്റെ ജീവിതത്തിൽ കിരീട നേട്ടങ്ങൾ ഉണ്ടാക്കി കൊടുത്തു. ഇവിടെ ഉപയോഗിച്ച വാക്ക് *സ്റ്റെഫാനോസ്*, എന്നത് സൂചിപ്പിക്കു ന്നത് വിജയകിരീടത്തെയും ആഘോഷത്തെയുമാണ്. (വാഴുന്ന കിരീടത്തെ പറയുന്നത് വ്യത്യസ്ത ഗ്രീക്ക് വാക്കാണ്.)

## ലോലമായ ഒരു സംഘട്ടനം
## (4:2, 3)

**2കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തു കയെയും പ്രബോധിപ്പിക്കുന്നു. 3സാക്ഷാൽ ഇണയാളിയായുള്ളോവേ, അവർക്ക് തുണ നിൽക്കേണം എന്നു ഞാൻ നിന്നോടും അപേക്ഷിക്കുന്നു. ജീവപുസ്തകത്തിൽ പേരുള്ള ഹേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരു മായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോ രാടിയിരുന്നു.**

**വാക്യങ്ങൾ 2, 3.** ഫിലിപ്പിയ സഭ പൗലൊസിന്റെ കിരീടമായിരുന്നു–വിജ യത്തിന്റെ ലതാ കിരീട റീത്തായിരുന്നു–പക്ഷെ ആ കിരീടത്തിൽ ഒരു "മുള്ള്" ഉണ്ടായിരുന്നു:[2] രണ്ട് സഹോദരിമാർ ഗൗരവമേറിയ വിയോജിപ്പിലായിരു ന്നു. ചണ്ട് സ്നേഹിതന്മാർ വിയോജിപ്പിലാകുമ്പോൾ, പൊതുവിൽ, അവരെ ചേർത്തു പിടിച്ച് ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ പോരാ.

അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു കൊടുക്കുവാൻ ശ്രമിക്കണം.

പൗലൊസ് ആ സ്ത്രീകളിൽ ആരുടേയും വശം ചേർന്നില്ല. അവൻ രണ്ട് പേർക്കും ഒരേ വാക്കാണ് ഉപയോഗിച്ചത്: **ഞാൻ യുവൊദ്യയെയും[3] സുന്തുകയെയും പ്രബോധിപ്പിക്കുന്നു**. ഈ സന്ദർഭത്തിൽ, "അർജ്" (*പാരാകലെയോ*) എന്ന വാക്കിനർത്ഥം, "ഒരു വശത്തേക്ക് വിളിക്കുക," "യാചിക്കുക, അപേക്ഷിക്കുക, അഭ്യർത്ഥിക്കുക, കെഞ്ചുക."[4] "സുന്തുകെ" എന്ന വാക്കിന്റെ അർത്ഥം "ഭാഗ്യമുള്ള" എന്ന് ആയിരിക്കുവാൻ സാധ്യതയുണ്ട്, എന്നാൽ "യൂവൊദ്യ" എന്ന വാക്കിന് "സമൃദ്ധി" എന്നുമാണ് അർത്ഥം. നിർഭാഗ്യവശാൽ, ആ സമയത്ത് അവർ ആത്മിയമായി പാപ്പരായിരുന്നു. "സുന്തുകെ" എന്നതിനു "മര്യാദയുള്ള" എന്നും അർത്ഥമുണ്ട്, എന്നാൽ "യുവൊദ്യ" എന്നതിന് "സുഗന്ധം" എന്നും അർത്ഥമുണ്ട്. എങ്ങനെയായാലും, ആ സമയത്ത് അവർ മര്യാദ കുറഞ്ഞവരായിരുന്നു; അവർ ചുറ്റുപാടും പരത്തിയിരുന്നത് ദുർഗന്ധമായിരുന്നു.

സുന്തുകെയും യുവൊദ്യയും ആരായിരുന്നു? നമുക്ക് അറിയില്ല. (ചിലർ അവകാശപ്പെടുന്നത്, അവർ അന്നു ഫിലിപ്പിയ സഭയിൽ ഉണ്ടായിരുന്ന–യെഹൂദന്മാരുടേയും ജാതികളുടേയും രണ്ട് വിഭാഗങ്ങളായിരുന്നു എന്നാണ്, എന്നാൽ അവർ പൊരുത്തപ്പെടുവാൻ കഴിയാതിരുന്ന രണ്ട് വ്യക്തികളായിരുന്നതല്ലാതെ മറ്റൊന്നു വിശ്വസിക്കുവാൻ കാരണം ഒന്നുമില്ല.) *ക്രിയാത്മകമായി* അവരെ കുറിച്ച് നമുക്ക് അറിയാവുന്നത് ഇതാണ്: പൗലൊസ് അവരെ കുറിച്ച് നല്ല രീതിയിൽ പറഞ്ഞത്, ആ സ്ത്രീകൾ **സുവിശേഷ ഘോഷണത്തിൽ എന്നോടുകൂടെ പോരാടിയിരുന്നു എന്നാണ്**.[5] "എന്നോടുകൂടെ പോരാടിയിരിക്കുന്നു" എന്നത് തർജിമ ചെയ്തിരിക്കുന്നത് രണ്ട് ഗ്രീക്ക് വാക്കുകളാണ്, (*സുനെത്ലെസൻ മോയി*), അർത്ഥം, "എന്നോടുകൂടെ പോരാടുക." പൗലൊസ് കൂടാതെ ഈ സ്ത്രീകൾ പരസ്യമായി പ്രസംഗിച്ചിരുന്നു എന്നു ഈ ഭാഗം വായിച്ച് നിഗമനത്തിലെത്തുന്നു. അത് മറ്റു ഭാഗത്ത് അപ്പൊസ്തലൻ സ്ത്രീകൾ സഭായോഗങ്ങളിൽ മൗനമായിരിക്കട്ടെ എന്നു പറഞ്ഞിരിക്കുന്നതിന് കടകവിരുദ്ധമാണ് (1 കൊ. 14:34, 35; 1 തിമൊ. 2:8–12).

പ്രസംഗിക്കാതെ തന്നെ സുന്തുകെയും യുവൊദ്യയും പല വിധത്തിൽ പൗലൊസിനോടൊപ്പം "സുവിശേഷഘോഷണത്തിൽ പോരാടുവാൻ" കഴിയും. ഒന്നാം അദ്ധ്യായത്തിൽ, ഫിലിപ്പിയർ "ഒന്നാം നാൾ മുതൽ ഇതുവരെയും *സുവിശേഷഘോഷണത്തിൽ* കൂട്ടായ്മ [പങ്കിടൽ] നിലനിർത്തിയതായി" പറഞ്ഞിരിക്കുന്നു (വാ. 5; എംഫസിസ് ആഡഡ്). ഇവിടെ പൗലൊസിനൊപ്പം പ്രസംഗിക്കുകയായിരുന്നില്ല, മറിച്ച് പൗലൊസിനെ സാമ്പത്തികമായി സഹായിച്ചതിൽകൂടെയായിരുന്നു. അതേ അദ്ധ്യായത്തിൽ, "*സുവിശേഷത്തിന്റെ വിശ്വാസത്തിന്നായി പോരാട്ടം കഴിക്കേണം*" എന്നു ഫിലിപ്പിയ സഭയിലെ എല്ലാ അംഗങ്ങളോടും പൗലൊസ് അപേക്ഷിച്ചിരുന്നു (വാ. 27; എംഫസിസ് ആഡഡ്). അപ്പൊസ്തലൻ എല്ലാ അംഗങ്ങളോടും പരസ്യ പ്രസംഗം നടത്തുവാൻ പറഞ്ഞിരിക്കുന്നു എന്ന തീർപ്പിൽ ആരും എത്തുകയില്ലല്ലൊ (എല്ലാവർക്കും പ്രസംഗിക്കുവാനുള്ള താലന്ത് ഇല്ല.)

പ്രസംഗപീഠത്തിൽ കയറാതെ സ്ത്രീകൾക്ക് പല രീതിയിൽ സുവിശേഷഘോഷണം നടത്താം–കൂടുതൽ രഹസ്യമായും വ്യക്തിപരമായും ഉപദേശിച്ച് (തിത്തൊ. 2:3–5; പ്രവൃ. 18:26 നോക്കുക). ഫിലിപ്പിയ സഭയുടെ ആരംഭം മുതൽ സ്ത്രീകൾ പ്രധാന പങ്ക് വഹിച്ചിരുന്നു. ആദ്യമായി പരിവർത്തനം ചെയ്തത് ഒരു സ്ത്രീയും അവളുടെ ഭവനവും ആയിരുന്നു (പ്രവൃ. 16:13–15). (ലുദിയ)

എന്ന സ്ത്രീ ഉടനെ അവളുടെ വീട് പൗലൊസിനും സംഘത്തിനും താമസിക്കു വാനായി തുറന്നു കൊടുത്തു, പിന്നീട് അത് സഭ കൂടിവരുവാനുള്ള സ്ഥലവു മായി (പ്രവൃ. 16:40). അവളുടെ മാതൃക സഭയിലെ മറ്റു സ്ത്രീകൾക്ക് കർത്താ വിന്റെ വേല ചെയ്യുവാൻ പ്രചോദനമായി എന്ന കാര്യത്തിൽ, സംശയമില്ല.

സുവിശേഷ ഘോഷണത്തിൽ തങ്ങളോടുകൂടെ പോരാട്ടം കഴിച്ച സ്ത്രീകളെ ഇഷ്ടപ്പെട്ടുകൊണ്ടു തന്നെ മിക്ക ഉപദേഷ്ടാക്കന്മാർക്കും പ്ര സംഗിക്കുവാൻ കഴിയും. എന്റെ അമ്മയും ഭാര്യയുമടക്കം വിശ്വസ്ത സ്ത്രീ കളുടെ ഒരു സമൂഹം തന്നെ സുവിശേഷ ഘോഷണത്തിൽ പല വിധത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്.

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിരുന്നു എന്ന പ്രത്യേക തയാണ് സുന്തുകെക്കും യുവൊദ്യക്കും ഉള്ളത് (4:3; വെളി. 21:27 നോക്കുക). സുവിശേഷ ഘോഷണത്തിൽ തന്നോടുകൂടെ പോരാടിയ രണ്ട് സ്ത്രീകളെ കുറിച്ച് പൗലൊസ് പറഞ്ഞപ്പോൾ, തന്നോട് ചേർന്ന് പ്രവർത്തിച്ച മറ്റുള്ളവ രെയും അവൻ ഓർത്തു. അതുകൊണ്ട്, **അവരോടുകൂടെ അവൻ ക്ലേമന്തിനേ യും ചേർത്തു** പറഞ്ഞു. ഈ “ക്ലേമന്താണ്” പ്രസിദ്ധി–യാർജ്ജിച്ച ക്ലെമന്റ് ഓഫ് റോം എന്ന് ദൈവശ്വാസിയമല്ലാത്ത ആരംഭ ക്രിസ്തീയ സാഹിത്യത്തിൽ അവനെ കുറിച്ചു പറഞ്ഞിരിക്കുന്നു എന്ന് ചിലർ കരുതുന്നു, പക്ഷെ അതിനു ആധികാരിക തെളിവുകൾ ഇല്ല. ഈ ക്ലേമന്ത് ഒരുപക്ഷെ പൗലൊസിനെ സഹാ യിച്ച ഫിലിപ്പിയ സഭയിലെ ഒരംഗമായിരുന്നേക്കാം.

ക്ലേമന്തിനെ കുറിച്ച് പറഞ്ഞപ്പോൾ, അപ്പൊസ്തലന് മറ്റു ദൈവദാസന്മാ രെയും ഓർമ്മ വന്നു. ആരെയെങ്കിലും വിട്ടുകളയുമെന്ന സാഹസത്തിനു മുതി രാതെ അവൻ ഈ പ്രയോഗം നടത്തി: **ജീവപുസ്തകത്തിൽ പേരുള്ള എന്റെ കൂട്ടുവേലക്കാർ**. വിശ്വസ്തരുടെ പേരുള്ള സ്വർഗീയ രേഖയാണ് “ജീവ പു സ്തകം” (ലൂക്കൊ. 10:20 നോക്കുക). പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്ന പേരുകൾ നമുക്ക് അറിയില്ല, പക്ഷെ കർത്താവിന് അറിയാം. അവരുടെ പേ രുകൾ അവന്റെ “പുസ്തകത്തിലാണ്”!

സ്വർഗീയ രേഖയിൽ ഉള്ള പേരുകളിൽ സുന്തുകെയും യുവൊദ്യയും ഉൾപ്പെട്ടിരുന്നു എന്നു അന്തർലീനമാക്കിയിരുന്നു. അത് ആ രണ്ട് സഹോദ രിമാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുവാൻ അത്യധികം പ്രചോദിക്കപ്പെട്ടിരുന്നു. (1) അവരുടെ പേരുകൾ മറ്റു വിശ്വസ്തരുടെ പേ രുകൾക്കൊപ്പം എഴുതിയിരിക്കുമ്പോൾ, വ്യക്തിപരമായ പ്രശ്നങ്ങൾ അപ്ര ധാനമാണ്. (2) യോജിപ്പുള്ള സ്വർഗ്ഗത്തിലേക്ക് പോകുവാനാണ് രണ്ട് പേ രും കാത്തിരിക്കുന്നതെന്നതിനാൽ, ഭൂമിയിൽ വെച്ച് അവർ രമ്യപ്പെടേണ്ടേ? (3) അവരുടെ പേരുകൾ “സ്ഥിരമായ മഷിയാൽ” അല്ല എഴുതപ്പെട്ടത് എന്ന് അവർ അറിയാതിരിക്കരുത്; പൗലൊസിന്റെ കൽപന അവർ കൈക്കൊണ്ടി ല്ലെങ്കിൽ, അവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്നു “മായിച്ചു” കള യുവാനുമിടയുണ്ട് (വെളി. 3:5 നോക്കുക).

സുന്തുകെക്കും യുവൊദ്യക്കും അവരുടെ ജീവിതത്തിൽ ഒരു ക്രിയാത്മക വശമുണ്ട്; എന്നാൽ ഒത്തുപോകുവാൻ കഴിയാത്തവർ എന്ന നിലയിലാണ് അവരെ അറിയപ്പെട്ടത്. ആ *നിഷേധമായ വശത്താൽ*, അവർ അതുവരെ ചെ യ്ത എല്ലാ നല്ല പ്രവൃത്തികളെയും നിഷ്പ്രഭമാക്കി കളഞ്ഞു. ഞാൻ അവ രുടെ സ്ഥാനത്തായിരുന്നെങ്കിൽ എന്നു ചിന്തിക്കട്ടെ, ഒരു ഇടവക മുഴുവൻ കേൾക്കത്തക്കവണ്ണം ഒരു എഴുത്തിൽ അവരുടെ രണ്ടു പേരുടേയും പേ

രുകൾ പരസ്യമായി വായിച്ചു കേൾക്കുന്നത് എത്ര തരംതാഴ്ത്തലായിരിക്കും (1:1)! അന്നും ഇപ്പോഴും അവരുടെ പേരുകൾ ലോകത്തിലെങ്ങും വായിച്ചു കേൾക്കുന്നത് ലജ്ജാകരമെന്നു നിങ്ങൾ കരുതുന്നുണ്ടോ? അവരുടെ ആ കഷ്ടസ്ഥിതി എന്നിൽനിന്ന് ഈ ചോദ്യമാണ് ഉയർത്തുന്നത്, "എന്റെ ജീവിതത്തെ കുറിച്ച് ഒരു വരി എഴുതുകയാണെങ്കിൽ–ഇനിയും രണ്ടായിരം വർഷം എന്നെ കുറിച്ച് എഴുതിയത് ആളുകൾ വായിച്ചുകൊണ്ടിരിക്കുകയാണെങ്കിലോ? ആ വരി എന്തായിരിക്കും? "മറ്റുള്ളവരുമായി ഒത്തുപോകാത്തവൻ" എന്നാണ് എഴുതുകയെങ്കിൽ, എത്ര ഖേദകരമാണ്"!

പൗലൊസ് എന്തുകൊണ്ടാണ് പ്രത്യേകമായി ആ രണ്ടു സ്ത്രീകളേയും അവരുടെ അഭിപ്രായ ഭിന്നതകളേയും പ്രത്യേകമായി എടുത്തു പറഞ്ഞത്? അവരെ ലജ്ജിപ്പിക്കുക എന്നതായിരുന്നില്ല പൗലൊസിന്റെ ഉദ്ദേശം. ആ പ്രശ്നം ആദ്യം സഭയിൽ രണ്ട് പേരിൽ തുടങ്ങി പിന്നെ അത് വീണ്ടും രണ്ട് പേരിലേക്കും ... പിന്നെ നാല് പേരിലേക്കും ... തുടർന്നു സഭ മുഴുവനും ബാധിക്കുവാനിടയുണ്ട് എന്ന കാരണത്താലായിരിക്കാം. രണ്ട് ക്രിസ്ത്യാനികൾ തമ്മിലുള്ള പ്രശ്നം ഉടനെ പരിഹരിക്കണം എന്നു പറഞ്ഞത്. അത് നിർവ്വീര്യമാക്കിയില്ലെങ്കിൽ പൊട്ടിത്തെറിച്ചേക്കാം.

എന്തിലായിരുന്നു സുന്തുകെയും യുവൊദ്യയും വിയോജിച്ചിരുന്നത്? തീർച്ചയായും ഉപദേശസംബന്ധമായ കാര്യത്തിലായിരുന്നില്ല. ചില എഴുത്തുകാർ 4:2, 3 എടുത്ത് ഉപദേശസംബന്ധമായ കാര്യങ്ങളിൽ വിട്ടുവീഴ്ച്ചയാകാമെന്ന് പറയുന്നു, എന്നാൽ പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞു, "ജീവന്റെ വചനം പ്രമാണിച്ച് ജ്യോതിസുകളെ പോലെ പ്രകാശിക്കുവിൻ" (2:16). ഉപദേശസംബന്ധമായ പ്രശ്നങ്ങളെ കൈകാര്യം ചെയ്തപ്പോൾ അതെന്താണെന്ന് പൗലൊസ് വ്യക്തമാക്കിയിരുന്നു (റോമർ 6:1, 2 നോക്കുക) വ്യക്തികൾ തമ്മിൽ തെറ്റിലായിരുന്നപ്പോഴും (2 തിമൊ. 2:18 നോക്കുക). സുന്തുകെയും യുവൊദ്യയും തമ്മിൽ ഒരുപക്ഷെ വ്യക്തിത്വ സംഘട്ടനം ആയിരുന്നേക്കാം. എരിവുള്ള കർത്താവിന്റെ വേലക്കാർക്കിടയിൽ പലപ്പോഴും എങ്ങനെ ഓരോന്നു ചെയ്യണമെന്ന കാര്യത്തിൽ ശക്തമായ അഭിപ്രായ ഭിന്നതകൾ ഉടലെടുത്തിട്ടുണ്ട്. ആ രണ്ട് ജോലിക്കാരെയും ഒരുമിച്ച് ചേർത്താൽ വിയോജിപ്പ് ഒഴിച്ചുകൂടാനാവാത്തതാണ്.

ശക്തമായി പൊട്ടിത്തെറിക്കുവാനിടയുള്ള പ്രശ്നത്തെ പൗലൊസ് എങ്ങനെ കൈകാര്യം ചെയ്തു? ആദ്യം *ആത്മാർത്ഥമായി അവരെ അനുമോദിക്കും* പിന്നെ *ലോലമായി ഏറ്റുമുട്ടും.* തൃപ്തികരമായ രമ്യതയിലെത്തിക്കുവാൻ പൗലൊസിനു വേറെ എന്തു ചെയ്യുവാൻ കഴിയും? അഭിപ്രായഭിന്നതകളുള്ള ക്രിസ്ത്യാനികളെ രമ്യതയിലെത്തിക്കുവാൻ ശ്രമിക്കുന്നവർക്ക് പൗലൊസ് ചെയ്തത് തികച്ചും ഗുണകരമായിരിക്കും.

*പൗലൊസ് ചിലത് ചെയ്തത്-ഉടനെയായിരുന്നു*. അത് ക്രമേണ നിന്നുപോകും എന്നു കരുതി അവൻ ആ സാഹചര്യത്തെ കണ്ടില്ലെന്നു നടിച്ചില്ല. പ്രശ്നം ഉണ്ടെന്നു ബോധ്യമായ ഉടനെ, സ്പഷ്ടമായി ചിലതു ചെയ്തു. അത് ഇടവക മുഴുവൻ എത്തുന്നതുവരെ അവൻ കാത്തിരുന്നില്ല.

*പൗലൊസ് ഐക്യത ആവശ്യപ്പെട്ടു-ശക്തമായി തന്നെ.* വ്യത്യാസങ്ങൾ പരിഹരിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഊന്നി പറഞ്ഞിരിക്കുകയാണ്. അഭിപ്രായവ്യത്യാസമുള്ള രണ്ട് സ്ത്രീകളോട് അവൻ **യോജിച്ച് കഴിയുവാനാണ്** ആവശ്യപ്പെട്ടത്. പാട്ട് പാടുമ്പോൾ യോജിപ്പുള്ള സ്വരവും–വിയോജിപ്പുള്ള

സ്വരവും എത്ര വ്യത്യാസമാണ് ജനിപ്പിക്കുന്നത്! “ചിന്തിക്കുക” (*ഫ്രോണെയോ*) എന്നർത്ഥം വരുന്ന വാക്കിൽ നിന്നാണ് “യോജിച്ച് ജീവിക്കുക” എന്നു തർജിമ ചെയ്തിരിക്കുന്നത്. “ഒരേ [കാര്യം]” തന്നെ (*ടു ഓട്ടോ*). 2:2 ലെ അതേ പൊലെയുള്ള പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് “ഏക മനസിൽ,” “യോജിച്ചിരിക്കുക” എന്നത് ആജ്ഞാ സ്വഭാവത്തിലാണ് പറഞ്ഞിരിക്കുന്നത്, 4:1–9 ലെ പൗലൊസിന്റെ എല്ലാ നിർദ്ദേശങ്ങളും അതുപോലെ ആണ്. യോജിച്ച് ഒത്തൊരുമിച്ച് ആയിരിക്കുക എന്നത് ക്രിസ്ത്യാനികൾക്ക് തിരഞ്ഞെടുക്കാവുന്ന ഒന്നല്ല: അങ്ങനെ ആകുവാൻ ദൈവം നമ്മോട് കൽപിച്ചിരിക്കുകയാണ്!

*പൗലൊസ് അവരെ ഓർമ്മിപ്പിച്ചു-ശരിയായി.* ആ രണ്ട് സ്ത്രീകളും “കർത്താവിൽ” ആണ് എന്ന് അവൻ അവരെ ഓർമ്മപ്പെടുത്തി. “കർത്താവിൽ” (അല്ലെങ്കിൽ അതിനു തുല്യമായത്) അപ്പൊസ്തലനു പ്രിയപ്പെട്ട പ്രയോഗമായിരുന്നു (4:1, 2, 4 നോക്കുക). ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായിരുന്നു സുന്തുകെയും യുവൊദ്യയും (റോമർ 6:3; ഗലാ. 3:27). “ക്രിസ്തുയേശുവിൽ” അവർ ദൈവത്തിന്റെ മക്കളായിരുന്നു (ഗലാ. 3:26 നോക്കുക). “ക്രിസ്തുവിൽ” അവർ എല്ലാ ആത്മികാനുഗ്രഹങ്ങളും ആസ്വദിച്ചിരുന്നു (എഫെ. 1:3). “ക്രിസ്തുയേശുവിൽ” അവർ “ദൈവസ്നേഹത്താൽ വലയപ്പെട്ടിരുന്നു.” (റോമർ 8:39). “ക്രിസ്തുവിൽ” അവർ ഏക ശരീരമായിരുന്നു എന്നതായിരുന്നു ഏറ്റവും പ്രധാനമായ കാര്യം (റോമ. 12:5). അതുകൊണ്ട് അവർ “ക്രിസ്തുയേശുവിൽ ഒന്നായിരുന്നു” (ഗലാ. 3:28). “ക്രിസ്തുവിൽ” ആയപ്പോൾ അവർക്ക് ഒരുമിച്ചു കൂടുവാൻ പൊതുവായ ഒരു സ്ഥലം ലഭിച്ചു. അന്യോന്യം ശത്രുക്കളായി കാണുന്നതിനു പകരം, ക്രൂശിന്റെ പാദത്തിൽ നിന്നു തങ്ങൾക്കു വേണ്ടി മരിച്ചവനിലേക്ക് കൈകൾ ഉയർത്തി അവനെ സ്തുതിക്കുവാൻ കഴിയുന്നു!

*പൗലൊസ് സഹായം നൽകി-യോഗ്യമായി.* ക്രിസ്ത്യാനികൾ തമ്മിലുള്ള പ്രശ്നങ്ങൾ സ്വയമായി പരിഹരിക്കേണ്ടതാണ്, എന്നാൽ ചിലപ്പോൾ, അവരുടെ ഭിന്നതകൾ പരിഹരിക്കുവാൻ സഹായം വേണ്ടി വന്നേക്കാം. സുന്തുകെയുടേയും യൂവൊദ്യയുടേയും കാര്യം അത്തരത്തിലുള്ളതായിരുന്നു എന്നു പൗലൊസിനു ബോദ്ധ്യമായിരുന്നു. റോമിൽനിന്ന് ആ പ്രശ്നം പരിഹരിക്കുവാൻ അവൻ ശ്രമിക്കാതെ, ഫിലിപ്പിയയിലെ വിശ്വസ്തനായ ഒരാളെ അത് പരിഹരിക്കുന്നതിനായി അയച്ചു: തീർച്ചയായും, സാക്ഷാൽ ഇണയാളിയായുള്ളോവേ, ആ സ്ത്രീകൾക്ക് അവർ തുണ നിൽക്കേണം എന്നു ഞാൻ അപേക്ഷിക്കുന്നു. “ഇണയാളി” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*സുസുഗോസ്*) ആണ്, അതിന്റെ ആമുഖമാണ് *സുഗോസ്,* അർത്ഥം, “നുകം,” പ്രിപോസിഷൻ *സൺ* “വിത്ത്” “നുകത്തോടുകൂടിയ ഒരാൾ” എന്നാണ് അതിന്റെ അർത്ഥം (കെജെവി; എൻഐവി; ഏഎസ്‌വി; ആർഎസ്‌വി). അതിനെ “പങ്കാളി” എന്നുകൂടെ തർജിമ ചെയ്തിരിക്കുന്നു (സിഇൗവി; റ്റിഇൗവി), “കോംറേഡ്” (വില്യംസ്), അല്ലെങ്കിൽ അതുപോലെ.

“നുകത്തിലെ ഇണയാളി” ആരാണെന്ന് അറിയുവാൻ ധാരാളം സമയവും പേപ്പറും ചെലവഴിച്ചിട്ടുണ്ട്. ആ ഊഹങ്ങളിൽ, ലൂക്കൊസും, ശിലാസും, എപ്പഫ്രൊദിത്തൊസും ഉൾപ്പെടുന്നു. അത് ഒരു സ്ത്രീയായിരുന്നു എന്നുപോലും ചിലർ കരുതിയിട്ടുണ്ട്. എന്നാൽ “നുകത്തിലെ കൂട്ടാളി” എന്ന പ്രയോഗം പരിഷ്ക്കരിച്ചിരിക്കുന്നത് പുല്ലിംഗമായിട്ടാണ്. ഈ അറിയപ്പെടാത്ത “വ്യക്തി” ഇടവക മുഴുവനെയും പ്രതിനിധാനം ചെയ്യുന്നു എന്നാണ് ചിലർ കരുതുന്നത്,

അതിനു സാധ്യത കുറവാണ്, കാരണം പൗലൊസ് ഇടവക മുഴുവനേയും ഉദ്ദേശിച്ചു ഈ ലേഖനത്തിൽ പറഞ്ഞപ്പോഴൊക്കെ ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്.

*സുസുഗോസ്* ഒരു സർവ്വനാമമായിട്ടാണ് ചിലർ തർജിമ ചെയ്തിരിക്കുന്നത്–സിസിഗസ് (സിജെബി നോക്കുക). ഫിലെമോന്റെ ലേഖനത്തിൽ ചെയ്തതുപോലെ പൗലൊസ് ഇവിടെ വാക്കുകൾ കൊണ്ട് പന്താടുന്നതായിട്ടാണ് പറയപ്പെടുന്നത് (വാ. 11). അതിൻപ്രകാരം, ഫലത്തിൽ, പൗലൊസ് പറഞ്ഞത്, "സിസിഗസ്, നിങ്ങളുടെ പേരാണ് നൽകുന്നത്." എങ്ങനെയായാലും, ആ "പേർ" പുരാതന സാഹിത്യത്തിൽ ഒന്നും കാണുന്നില്ല. പൗലൊസ് തന്റെ സ്നേഹിതന്റെ പേർ പറയാതിരുന്നത് അസാധാരണത്വമായി തോന്നിയേക്കാം, എന്നാൽ പൗലൊസ് മുഖ്യ വ്യക്തികളുടെ പേർ പറയാതിരുന്നത് ഇവിടെ മാത്രമല്ല (2 കൊ. 8:18, 23). അലെക് മോട്ടിർ ഈ ഒരു നിർദ്ദേശം നൽകിയിരിക്കുന്നു: "വാസ്തവത്തിലുള്ള നുക കൂട്ടാളിയുടെ പേർ പറയാതെ വിട്ടിരിക്കുന്നു," അങ്ങനെ "ഇവിടെ ... നമുക്ക് നമ്മുടെ തന്നെ പേർ ഇടുവാൻ കഴിയും, "സഭയുടെ കൂട്ടായ്മയുടെ അനൈക്യം എന്ന അർബുദ രോഗത്തെ നാം തിരിച്ചറിയണം" എന്നതിനാണ് ഊന്നൽ നൽകേണ്ടത്.[6]

ആ മനുഷ്യൻ ആരായിരുന്നു എന്നു നമുക്ക് അറിയില്ല, എന്നാൽ അയാൾക്ക് അത്തരം കാര്യങ്ങളിൽ അനുഭവമുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ ഈ സാഹചര്യത്തിൽ ഇടവകയിൽ യോജിപ്പുണ്ടാക്കുവാൻ യോജിച്ച വ്യക്തി അയാളാണെന്ന് പൗലൊസ് കണ്ടെത്തി. ചില ജോലി പ്രയാസമുള്ളതാണ്; ചിലർ കൂടുതൽ പ്രാധാന്യമുള്ളവരാണ്.

## പ്രായോഗികത

### നിരപ്പിൽ ഉറപ്പിക്കൽ (4:1–3)

രണ്ട് സഹോദരന്മാരെ നിരപ്പിലാക്കുന്നതിന് അവരെ സഹായിക്കുവാൻ നിങ്ങൾ തയ്യാറാണോ? അവരുടെ തെറ്റുകൾ ചൂണ്ടി കാണിക്കാതിരിക്കുക. നിങ്ങൾ വാസ്തവത്തിൽ അവരെ സ്നേഹിക്കുന്നു എന്നു, ഉറപ്പ് വരുത്തുക. അവരുടെ മനസിനെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നതിനു മുൻപ് അവരുടെ ഹൃദയത്തെ സ്പർശിക്കുക.

### തൃപ്തികരമായ നിരപ്പ് (4:1–3)

രണ്ട് സഹോദരിമാർ തമ്മിലുള്ള പ്രശ്നത്തിൽ, അഭിപ്രായ വ്യത്യാസത്തിന് ഒരാൾ മറ്റൊരാളെ കുറ്റപ്പെടുത്തുവാൻ സാധ്യതയുണ്ട്; പലപ്പോഴും അങ്ങനെയാണ് സംഭവിക്കുന്നത്. എങ്കിലും, ഒരുപരിധി വരെ രണ്ടുപേരും തെറ്റുകാരാണ്. എന്റെ സഹോദരൻ കോയും ഞാനും കുട്ടികളായിരുന്നപ്പോൾ, ഞങ്ങൾ ചിലപ്പോൾ ശണ്ഠ കൂടാറുണ്ടായിരുന്നു (സഹോദരങ്ങൾ ചെയ്യുന്നതുപോലെ). ഞങ്ങളുടെ അമ്മ രംഗത്ത് വരുമ്പോൾ (എല്ലായ്പോഴുമെന്ന പോലെ) "ആരാണ് തുടക്കമിട്ടത്!" എന്ന കാര്യത്തിൽ ഞങ്ങൾ അന്യോന്യം എതിർത്തുകൊണ്ടിരിക്കും. അമ്മ ആരുടെ ഭാഗത്താണ് തെറ്റ് എന്നു കണ്ടുപിടിക്കുവാനായിരുന്നില്ല ശ്രമിച്ചത്. അവർ പറയും "കുഴപ്പത്തിനു രണ്ട് പേരും കാരണക്കാരാണ്"–അങ്ങനെ ഞങ്ങൾ രണ്ട് പേരും അനന്തരഫലം അനുഭവിച്ചിരുന്നു.

ക്രിസ്ത്യാനികൾ തമ്മിൽ സംഘർഷം ഉണ്ടായാൽ, ഓരോരുത്തരും നിരപ്പിനായി മുന്നിട്ടിറങ്ങണം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. തന്നോട് മറ്റൊരാൾ തെറ്റു ചെയ്തു എങ്കിൽ, വേദനിക്കപ്പെട്ട ആൾ വേദനിപ്പിച്ച ആളോട് നിരപ്പിനായി സമീപിക്കണം എന്നാണ് (മത്താ. 18:15).[7] തെറ്റു ചെയ്തതായി ആരോപിക്കപ്പെട്ടയാളും മറ്റെ ആളുടെ അടുക്കൽ ചെല്ലുവാൻ പറഞ്ഞിരിക്കുന്നു (മത്താ. 5:23, 24). "അവൻ *എന്റെ* അടുക്കൽ വരട്ടെ" എന്നു പറയുവാൻ രണ്ട് പേർക്കും അവകാശമില്ല.

ക്രിസ്ത്യാനികൾ തമ്മിൽ തെറ്റിദ്ധരിക്കപ്പെടുമ്പോൾ, അതിൽ "മറ്റാരും ഇടപെടേണ്ട" ആവശ്യം ഇല്ല എന്നു ചിലപ്പോൾ കരുതിയേക്കാം–പക്ഷെ ഇടവകയിലെ പ്രശ്നം എല്ലാവരുടേയും പ്രശ്നമാണ്. വിയോജിപ്പിലായവർ അവർക്കു മാത്രമല്ല പ്രശ്നം സൃഷ്ടിക്കുന്നത്, സഭയ്ക്ക് തന്നെ ദുഷ്പ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത് (1 കൊ. 1:13 നോക്കുക). അവിശ്വാസികളെ സഭയിൽനിന്നും അകറ്റി നിർത്തുകയും ചെയ്യും (യോഹ. 17:21, 23 നോക്കുക). നാം അന്യോന്യം സമാധാനത്തിൽ കഴിയുവാനാണ് കർത്താവ് ആഗ്രഹിക്കുന്നത് (മർക്കൊ. 9:50). "ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു!" (സങ്കീ. 133:1). "സഹോദരന്മാർക്ക് ഇടയിൽ കലഹമുണ്ടാക്കുന്നവനെ കർത്താവ് വെറുക്കുന്നു" (സദൃശ. 6:19).

**ശക്തമായ സത്യങ്ങൾ (4:1–3)**

ക്രിസ്ത്യാനി സമാധാനത്തിലും യോജിപ്പിലും ജീവിക്കേണ്ടതിനെ കുറിച്ച് ശക്തമായ ചില സത്യങ്ങൾ 4:1–3 ൽ നൽകിയിരിക്കുന്നു. അവയിൽ ചുരുങ്ങിയത് നാലെണ്ണം ഓർമ്മിക്കുക:

തന്റെ ജനം ഒരുമിച്ച് യോജിച്ചിരിപ്പാനാണ് കർത്താവ് ആഗ്രഹിക്കുന്നത്.

നിർഭാഗ്യവശാൽ, സഭ ആളുകളാൽ പണിതതിനാൽ, അഭിപ്രായ ഭിന്നതകൾ ഉടലെടുക്കും. "കപ്പലണ്ടിമുട്ടായി" യുടെ ഒരു കാർട്ടൂണിൽ, ലിനസ് പറഞ്ഞു, "എനിക്ക് മനുഷ്യവർഗത്തെ ഇഷ്ടമാണ്; ആളുകളെയാണ് എനിക്ക് കണ്ടുകൂടാത്തത്." ഇന്നു സഭയിലെ പ്രശ്നങ്ങൾ നിമിത്തം ആളുകൾ പറയും "എനിക്ക് സഹോദരവർഗത്തെ ഇഷ്ടമാണ്; പക്ഷെ ചില സഹോദരങ്ങളെ എനിക്ക് കണ്ടുകൂടാ."

ഭിന്നത ഉടലെടുക്കുമ്പോൾ–അതിനെ ശരിയായും തെറ്റായും കൈകാര്യം ചെയ്യുവാൻ കഴിയും. നാം കൈകാര്യം ചെയ്യുന്ന എന്തിലും, സ്നേഹം, ക്ഷമ, നിസ്വാർത്ഥത എന്നിവയായിരിക്കണം മുന്നിട്ടുനിൽക്കേണ്ടത്. സഭയിലെ രണ്ട് അംഗങ്ങൾ തമ്മിലുള്ള പ്രശ്നം സഭയിലെ മറ്റെല്ലാ അംഗങ്ങളെയും കുറിച്ച് ചിന്തിക്കണം.

നാം സമാധാനം ഉണ്ടാക്കുന്നവർ ആയിരിക്കണം (മത്താ. 5:9).

---

കുറിപ്പുകൾ

[1]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, ഫിലിപ്പിയൻസ്, വേർഡ് ബിബിളിക്കൽ കമെന്ററി. വാല്യം 43. (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 177. [2]ജെ. ഡ്വൈറ്റ് പെന്റെകോസ്റ്റ്, ദ ജോയ് ഓഫ് ലിവിങ്ങ്: ഏ സ്റ്റഡി ഓഫ് ഫിലിപ്പിയൻസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1973), 173. [3]കെജെവി ആ

പേരിന്റെ പുല്ലിംഗമാണ് ഉപയോഗിച്ചിരിക്കുന്നത് ("യൂവൊദ്യാസ്"), അത് പൗലൊസ് ഉദ്ദേശിച്ചത്, ഒരു സ്ത്രീയേയും പുരുഷനേയും ആയിരിക്കാം, ചിലപ്പോൾ ഭാര്യയേയും ഭാർത്താവിനേയും ആയിരിക്കാം എന്ന തീർപ്പിലെത്തുമാറാക്കി. എങ്ങനെയായാലും, മൂല ഗ്രന്ഥത്തിൽ, ആ പേർ സ്ത്രീലിംഗ രൂപത്തിലായിരുന്നു. [4]ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ (ലണ്ടൻ: സാമുവെൽ ബാഗ്സ്റ്റർ & സൺസ് ലിമിറ്റഡ്., 1971), 303. [5]"സുവിശേഷത്തിൻ നിമിത്തം" എന്നതിനു പകരം മൂലഗ്രന്ഥത്തിൽ "സുവിശേഷത്തിൽ" എന്നു മാത്രമാണുള്ളത്. [6]അലോക് മോട്ടിർ, ദ മെസേജ് ഓഫ് ഫിലിപ്പിയൻസ്: ജീസസ് അവർ ജോയ്. ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1984), 204. [7]എൻഏഎസ്ബിയിൽ "നിന്റെ സഹോദരൻ നിന്നോട് പിഴച്ചാൽ" എന്നാണ്, പക്ഷെ, പിഴ ഉദ്ധരണിയിൽ സംബോധന ചെയ്തയാൾക്കെതിരായിരിക്കാം (കെജെവി നോക്കുക).